KERALA STATE BEVERAGES
(MANUFACTURING AND MARKETING) CORPORATION LTD.
(A GOVERNMENT OF KERALA UNDERTAKING)

Azadi Ka Amrit Mahotsav
Har Ghar Tiranga-15th August 2022

Bevco Tower, Vikas Bhavan P. O., Palayam, Thiruvananthapuram-695 033
Phone : 0471-2724970, 2724913 E-mail : itd@ksbc.co.in

## പത്രക്കുറിപ്പ്

## ബെവ്കോയിൽ അന്യത്ര സേവന നിയമനം

കേരള സംസ്ഥാന ബിവറേജ്സ് കോർപ്പറേഷന്റെ എഫ്.എൽ.01 ചില്ലറ വില്പന ശാലകളിൽ തിരുവനന്തപുരം, കൊല്ലം ജില്ലകൾ ഒഴികെയുള്ള ജില്ലകളിലേക്ക് ഓഫീസ് അറ്റൻഡൻറ്/ഷോപ്പ് അറ്റൻഡൻറ്, ക്ലറിക്കൽ തസ്തികയിലെ ഒഴിവിലേക്ക് **Rs.25100-57900** (pay scale in Bevco ) ശമ്പള സ്കെയിലിനു തുല്യമായതോ അതിൽ താഴെയുള്ളതോ ആയ ശമ്പള സ്കെയിലിൽ ജോലി ചെയ്തു വരുന്ന മറ്റ് പൊതുമേഖല /സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അന്യത്ര സേവനാടിസ്ഥാനത്തിൽ നിയമിക്കുന്ന ജീവനക്കാരെ ഒഴിവുകൾ അനുസരിച്ച് കെ.എസ്.ബി.സി യിലെ തത്തുല്യ തസ്തികയിൽ ക്രമീകരിക്കും. സൂപ്പർ ന്യൂമററി വിഭാഗത്തിൽ നിന്നുള്ള ജീവനക്കാർക്ക് മുൻഗണന, സൂപ്പർ ന്യൂമററി ജീവനക്കാരെ ലഭിക്കുന്നില്ല എങ്കിൽ അടച്ച് പൂട്ടപ്പെട്ടതോ, സിക്ക് യൂണിറ്റ് ആയി പ്രഖ്യാപിക്കപ്പെട്ടതോ ആയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മുൻഗണന ഉണ്ടായിരിക്കും. നിയമനം ഒരു വർഷത്തേക്കോ പി.എസ്.സി മുഖാന്തിരം പുതിയ ജീവനക്കാർ വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെയായിരിക്കും. കെ.എസ്.ബി.സി യുടെ എഫ്.എൽ-01 ഷോപ്പുകളിൽ കൗണ്ടർ സ്റ്റാഫ് ആയി പ്രവർത്തിക്കാൻ ശാരീരിക ക്ഷമത ഉള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.താല്പര്യമുള്ള ജീവനക്കാർ മേലധികാരികൾ മുഖേന **30.11.2023** തിയതിക്ക് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കെ.എസ്.ബി.സി യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.ksbc.co.in സന്ദർശിക്കുക.

വിശ്വസ്തതയോടെ

ജനറൽ മാനേജർ (ഭരണം)

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (കെ.എസ്സ്.ബി.സി)- ലെ 263 തസ്തികകളിൽ കൂടി അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

നികുതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.655/2023/TAXES തീയതി,തിരുവനന്തപുരം, 21-09-2023

---

പരാമർശം:-

1. സർക്കാർ കത്ത് നമ്പർ എ2/90/2021-നികുതി തീയ്യതി 20.01.2022.
2. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 10.07.2023 ലെ ഓൺലൈൻ യോഗത്തിന്റെ മിനിട്സ്.
3. കെ.എസ്സ്.ബി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 10.08.2023, 12.09.2023 തീയ്യതികളിലെ 21057/AE11/2022/KSBC നമ്പർ കത്തുകൾ.

ഉത്തരവ്

പരാമർശം (1) കത്ത് പ്രകാരം കെ.എസ്സ്.ബി.സി. യുടെ ഉടമസ്ഥതയിലുള്ള FL 1 ഷോപ്പുകളിൽ പത്തനം തിട്ട ജില്ലയിൽ 12 ജീവനക്കാരെയും കോട്ടയത്ത് 37 ജീവനക്കാരെയും ഇടുക്കിയിൽ 26 ജീവനക്കാരെയും എറണാകുളം ജില്ലയിൽ 33 ജീവനക്കാരെയും തൃശ്ശൂർ ജില്ലയിൽ 11 ജീവനക്കാരെയും മലപ്പുറം ജില്ലയിൽ 20 ജീവനക്കാരെയും വയനാട് ജില്ലയിൽ 12 ജീവനക്കാരെയും കാസർഗോഡ് ജില്ലയിൽ 24 ജീവനക്കാരെയും ഉൾപ്പെടെ ആകെ 175 ജീവനക്കാരെ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ വിഷയത്തിൽ ബഹു മുഖ്യമന്ത്രി വിളിച്ചു ചേർത്ത 10.07.2023 ലെ ഓൺലൈൻ യോഗത്തിൽ കെ.എസ്സ്ബി സി-യിലെ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ്, എൽ ഡി ക്ലാർക്ക് മുതലായ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ, സൂപ്പർ ന്യൂമററി വിഭാഗത്തിലെ ജീവനക്കാരിൽ നിന്നുള്ള അപേക്ഷകർ ഉണ്ട് എങ്കിൽ അവർക്ക് മുൻഗണനകൊടുത്ത് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്താവുന്നതാണ് എന്നും സൂപ്പർ ന്യൂമററി ജീവനക്കാരെ ലഭിക്കുന്നില്ല എങ്കിൽ മാത്രം മറ്റുള്ളവരെ പരിഗണിച്ചാൽ മതി എന്നും അത്തരം നിയമനം ഒരു വർഷത്തേയ്ക്കോ PSC യിൽ നിന്നും ഉദ്യോഗാർത്ഥി വരുന്നതുവരെയോ എതാണോ ആദ്യം അതുവരെയാക്കി നിജപ്പെടുത്തേണ്ടതാണ് എന്നും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. പരാമർശം (3) പ്രകാരം കെ.എസ്സ്.ബി.സി-ൽ 263 തസ്തികകളിൽ കൂടി അന്യത്ര സേവന വ്യവസ്ഥയിൽ നിയമനത്തിന് അനുമതി നൽകണം എന്ന് കെ.എസ്സ്.ബി.സി ജനറൽ മാനേജർ അപേക്ഷിച്ചിട്ടുള്ളതും ജില്ലാ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഒഴിവുകൾ ഉണ്ട് എന്ന് അറിയിച്ചിട്ടുള്ളതുമാണ്.

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 20 |
| ആലപ്പുഴ | 15 |
| കോട്ടയം | 53 |
| എറണാകുളം | 65 |
| ഇടുക്കി | 20 |
| തൃശ്ശൂർ | 20 |
| പാലക്കാട് | 20 |
| മലപ്പുറം | 10 |
| കോഴിക്കോട് | 20 |
| വയനാട് | 10 |
| കണ്ണൂർ | 5 |
| കാസർഗോഡ് | 5 |
| ആകെ | 263 |

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ യോഗ തീരുമാനത്തിന്റെയും പരാമർശം (3) ലെ കെ.എസ്സ്.ബി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പരാമർശം (1) കത്ത് പ്രകാരം അനുമതി നൽകിയിട്ടുള്ള 175 തസ്തികകൾക്ക് പുറമെ ഖണ്ഡിക (1)-ലെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള 263 തസ്തികകളിൽ കൂടി, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അന്യത്ര സേവന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള 263 തസ്തികകളിൽ കൂടി അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്താവുന്നതാണ്. സൂപ്പർ ന്യൂമററി വിഭാഗത്തിലെ ജീവനക്കാരിൽ നിന്നുള്ള അപേക്ഷകർ ഉണ്ട് എങ്കിൽ അവർക്ക് മുൻഗണനകൊടുത്ത് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതാണ്. സൂപ്പർ ന്യൂമററി ജീവനക്കാരെ ലഭിക്കുന്നില്ല എങ്കിൽ മാത്രം സിക്ക് യൂണിറ്റായി പ്രഖ്യാപിക്കപ്പെട്ടതായ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ജീവനക്കാരെയോ മറ്റുള്ളവരെയൊ പരിഗണിച്ചാൽ മതിയാകും.
2. അന്യത്ര സേവനാടിസ്ഥാനത്തിൽ നിയമിക്കുന്ന ജീവനക്കാരെ ഒഴിവുകൾ അനുസരിച്ച് കെ.എസ്.ബിസി-ലെ തത്തുല്യ തസ്തികയിൽ ക്രമീകരിക്കേണ്ടതാണ് .
3. അത്തരം നിയമനം ഒരു വർഷത്തേക്കോ PSC മുഖാന്തിരം പുതിയ ജീവനക്കാർ വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെയാക്കി നിജപ്പെടുത്തേണ്ടതാണ്.
4. അന്യത്ര സേവന വ്യവസ്ഥയിൽ ചില്ലറ വില്പന ശാലകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ ശാരീരിക ക്ഷമത ഉള്ളവരായിരിക്കണം,
5.അന്യത്ര സേവനത്തിൽ നിയമിക്കപെടുന്നവർക്ക് ഔട്ട് ലെറ്റിലെ ജോലി സമയം അനുസരിച്ച് അഡിഷണൽ അലവൻസിനു അർഹത ഉണ്ടായിരിക്കും. എന്നാൽ അവർക്ക് KSBC ജീവനക്കാർക്കു നൽകുന്ന വാർഷിക പെർഫോമൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യാ എന്നിവയ്ക്ക്

അർഹത ഉണ്ടായിരിക്കില്ല.

6. മേൽ തസ്തികകളിൽ PSC മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ സർവീസിൽ പ്രവേശിക്കുന്ന മുറയ്ക്ക് അന്യത്ര സേവനക്കാരെ വിടുതൽ ചെയ്യേണ്ടതാണ്.

3) കെ.എസ്സ്.ബി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. വെബ്ബ് ആന്റ് ന്യൂ മീഡിയ.
5. ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിയ്ക്ക്
6. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/124/2023-നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Sreelekha S
സെക്ഷൻ ഓഫീസർ
Date: 21-09-2023 16:15:21

# STATEMENT UNDER THE RULES 144 ( KSR PART I)

*Vide Circular Memorandum No. 42765/Rule-3/62/Fin. Dated 15-6-1962*

1. Name of the Government Servant :
2. Date of birth :
3. To whom lent :
4. Official Designation (post held Substantively before transfer) :
5. Scale of pay of the post in government service held substantively by the officer :
6. Head of account to which pay was debitable before transfer :
7. Monthly rate of pay sanctioned in Foreign service :
8. Service rules applicable
9. Rate of monthly contributions provisionally fixed under rule :
   (a) Leave salary
   (b) Pension
10. When lent :
11. Where to be recovered :
12. Whether creditable to state or central :
13. Date of termination of Foreign Service :

*Signature*
*Head of Office / Department*

www.alrahiman.com

## APPLICATION FOR REGISTRATION IN THE PANEL FOR DEPUTATION TO

## THE ..........................................................................................................

1. Name of Dept. / Board to which deputation is desired :

2. District to which request is being made :

3. Category of post to which the request is being made :

4. Name (In block letters) :

5. Present designation and office Address :

6. Date of Birth :

7. Qualifications :

    General :

    Special if any :

8. Date of Entry :

9. Experience :

10. Pay and scale of pay :

Place:

Date: Signature of applicant

Counter signature of the Head of Office

www.alrahiman.com

# BIO-DATA

1. Name :

2. Post held and name of office :

3. Present pay and scale of pay :

4. Age and date of birth :

5. Qualifications :

   (a) General :

   (b) Special :

6. Experience :

7. Permanent Residential Address :

8. Remarks :

Place :

Date:

Signature of Applicant

## DECLARATION

I, .......................................................................................................................... declare that I am willing to serve the entire period of deputation as ............................................................................ (name of post) under the ............................................................................................................................. and will not required for revision before the tenure of present deputation expires.

Name:

Designation:

Place:

Date:

Signature:

www.alrahiman.com